പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ. 3545

14.03.2017-ൽ മറുപടിയ്ക്ക്

പട്ടികജാതി - പട്ടികവർഗ്ഗ വിഭാഗങ്ങൾക്കെതിരെയുള്ള അക്രമം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. വി.പി.സജീന്ദ്രൻ | | ശ്രീ. പിണറായി വിജയൻ<br>(ബഹു. മുഖ്യമന്ത്രി) | |
| (എ) | പട്ടികജാതി വിഭാഗത്തിൽപ്പെട്ട ടി.സി.ഉല്ലാസിനേയും കുടുംബത്തേയും (തടത്തിപറമ്പിൽ പണ്ടപ്പിള്ളി പി.ഒ, മൂവാറ്റുപുഴ) ഇക്കഴിഞ്ഞ പുതുവത്സര രാത്രിയിൽ വീടുകയറി ആക്രമിച്ചവരുടെ പേരിൽ എന്ത് നടപടി സ്വീകരിച്ചു ; | (എ) | ശ്രീ. ടി.സി.ഉല്ലാസിന്റെ ഭാര്യ ശ്രീമതി.മിനി ഉല്ലാസിന്റെ മൊഴി പ്രകാരം 01.01.2017 തീയതി മൂവാറ്റുപുഴ പോലീസ് സ്റ്റേഷനിൽ ക്രൈം.13/17 u/s 143, 147, 148, 452, 323, 324, 149 IPC ആയി കേസ് രജിസ്റ്റർ ചെയ്ത് ആരോപണ വിധേയരായവർക്കെതിരെ സെക്ഷൻ 451, 324, 323, 34 IPC പ്രകാരവും പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾക്കെതിരെയുള്ള അതിക്രമം തടയൽ നിയമം Sec.3(1)(s), 3(2)(v)(a) of SC/ST POA Act പ്രകാരമുള്ള വകുപ്പ് ചേർത്ത് മൂവാറ്റുപുഴ ഡി.വൈ.എസ്.പി അന്വേഷണം നടത്തി വരുന്നു. |
| (ബി) | പ്രതികളെ അറസ്റ്റ് ചെയ്തിട്ടുണ്ടോ ; ഇല്ലെങ്കിൽ കാരണമെന്താണ് ; | (ബി) | കുറ്റകൃത്യത്തിൽ ഉൾപ്പെട്ടിട്ടുള്ളത് എന്ന് വെളിവായിട്ടുള്ള ഫെബിൻ, അനീഷ്, ജോണി എന്നിവരെ 02.01.2017 -ൽ അറസ്റ്റ് ചെയ്തിട്ടുള്ളതാണ്. പ്രതി പട്ടികയിലുള്ള റോബിൻ ഒളിവിൽ പോയതിനാൽ ടിയാനെ അറസ്റ്റ് ചെയ്യാൻ സാധിച്ചിട്ടില്ലാത്തതുമാണ്. |
| (സി) | ഏതെങ്കിലും പ്രതികളെ ഒഴിവാക്കുവാനുള്ള തീരുമാനം എടുത്തിട്ടുണ്ടോ ; അതിനുള്ള കാരണം എന്താണ് ; | (സി) | എഫ്.ഐ.ആർ കോളത്തിൽ ചേർത്തിരുന്ന ആരോപണ വിധേയരായ രതീഷ്, മൈക്കിൾ എന്നിവർ |

കുറ്റകൃത്യത്തിൽ ഉൾപ്പെട്ടിട്ടില്ല എന്ന് തുടർഅന്വേഷണത്തിൽ വെളിവായിട്ടുള്ളതിനാൽ ടിയാന്മാരെ പ്രതികോളത്തിൽ നിന്നും ഒഴിവാക്കിയിട്ടുള്ളതാണ്.

(ഡി) കുറ്റക്കാർക്കെതിരെ പട്ടികജാതി - പട്ടികവർഗ്ഗ വിഭാഗങ്ങൾക്കെതിരെയുള്ള അക്രമം തടയൽ നിയമത്തിന്റെ അടിസ്ഥാനത്തിൽ കേസെടുത്ത് ശിക്ഷാനടപടി സ്വീകരിക്കുമോ?

(ഡി) കുറ്റക്കാർക്കെതിരെ Sec.3(1)(s), 3(2)(v)(a) of SC/ST POA Act പ്രകാരമുള്ള വകുപ്പു ചേർത്ത് മൂവാറ്റുപുഴ ഡി.വൈ.എസ്.പി അന്വേഷണം നടത്തി വരുന്നു.

സെക്ഷൻ ഓഫീസർ